# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 531 — 06.02.2013- ലെ മറുപടിക്ക്

## കൊല്ലം ജില്ലയിലെ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികളുടെ പേരിൽ തൊഴിലാളികൾ അല്ലാത്തവർ സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റിക്കൊണ്ട് മരാമത്ത് പണികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ഓൾ കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ ഭാരവാഹികൾ നൽകിയ പരാതിയിൽ സ്വീകരിച്ച . നടപടികൾ വെളിപ്പെടുത്തുമോ; | (എ) ക്യൂ.1231 കൊല്ലം പ്രോഗ്രസ്സീവ് ലേബർ കോൺട്രാക്ട് സൊസൈറ്റിയും ക്യൂ.459 കൊട്ടാരക്കര പബ്ലിക് വർക്സ് സ്കിൽഡ് വർക്കേഴ്സ് ലേബർ കോൺട്രാക്ട് സൊസൈറ്റിയും അന്യ സംസ്ഥാനത്ത് തൊഴിലാളികളെ കരാർ ജോലികൾക്ക് നിയോഗിക്കുന്നതായി ആൾ കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ പരാതി സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതിന്മേൽ അന്വേഷണം നടത്തിയതിൽ അന്യ സംസ്ഥാനക്കാരെ നിയോഗിക്കുന്നില്ലെന്നും പരാതിയിൽ പറഞ്ഞിട്ടുള്ള പ്രവർത്തികൾ ഏറ്റെടുത്തിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) സഹകരണ വകുപ്പിലെ നം. 35883/ എം.റ്റി/12 ഫയലിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ; | (ബി) അസോസിയേഷൻ നൽകിയ പരാതി അന്വേഷണത്തിനായി കൊല്ലം ജോയിന്റ് രജിസ്ട്രാർക്ക് അയച്ചുകൊടുക്കുകയും അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) തൊഴിലാളികൾ അല്ലാത്തവരുടെ പേരുൾപ്പെടുത്തി ലേബർ കോൺട്രാക്ട് സൊസൈറ്റികൾ കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്യുകയും വിവിധ വകുപ്പുകളിലെ കരാർ പണികൾ ഏറ്റെടുക്കുകയും കമ്മീഷൻ പറ്റി പ്രസ്തുത കരാർ പണികൾ സബ് കോൺട്രാക്ടേഴ്സിന് നൽകി സാമ്പത്തികലാഭം നേടുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പ്രസ്തുത വിഷയത്തിൽ ഉചിതമായ അന്വേഷണം നടത്തുമോയെന്നും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ? | ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ